

# നോമ്പ് അഞ്ചാം ശനി – മർക്കോ 10: 1–12

ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ എന്ന് ഫരിസേയർ ഈശോയോട് ചോദിക്കുന്നു. ഈ അവസരത്തിലാണ് വിവാഹത്തെയും വിവാഹമോചനത്തെയും കുറിച്ചുള്ള പ്രബോധനം ഈശോ നല്കുന്നത്. വിവാഹം ദൈവസ്ഥാപിതമാണെന്നും അതു വേർപെടുത്തുവാൻ കഴിയാത്തതുമാണെന്നും ഈശോ പഠിപ്പിക്കുന്നു. ആദിയിൽ ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും അവരെ സംയോജിപ്പിക്കുകയും ചെയ്തതായി ഉത്പത്തി പുസ്തകം രേഖപ്പെടുത്തുന്നു. വിവാഹത്തിന്റെ അവിഭാജ്യതയും ഐക്യവും വ്യക്തമാക്കുവാൻ പൗലോസ് ശ്ലീഹാ വിവാഹബന്ധത്തെ ഈശോയും സഭയും തമ്മിലുള്ള ബന്ധത്തോടാണ് ഉപമിച്ചിരിക്കുന്നത് (എഫേ 5: 20). ഒരു പുരുഷനും ഒരു സ്ത്രീയും ഒന്നിച്ച് ഒരു ശരീരമായിത്തീരുന്ന രഹസ്യത്തെ ദൈവം മനുഷ്യാവതാരത്തിൽ മനുഷ്യാവംശത്തോട് ഒന്നാകുന്നതിനോടാണ് സഭാപിതാവായ ഒരിജൻ ഉപമിക്കുന്നത്. കുരിശിലെ ബലിവഴി ഈശോ സ്വശരീരരക്തങ്ങൾ മണവാട്ടിയായ സഭയ്ക്ക് നല്കിയതുപോലെ ആത്മദാനത്തിലൂടെ ഇരുവരും ജീവിക്കണം. ഇപ്രകാരമുള്ള ആത്മദാനത്തിലേക്ക് വളരുവാൻ പരസ്പരം ബഹുമാനവും വിധേയത്വവും പുലർത്തണം. അതുകൊണ്ടാണ് ബലിയാൽ മുദ്ര വയ്ക്കപ്പെടുന്ന ഉടമ്പടിയെന്ന് വിവാഹത്തെ വിളിക്കുന്നത്. വിവാഹജീവിതത്തിൽ നേരിടുന്ന സുഖദുഃഖങ്ങളും കഷ്ടപ്പാടുകളും ബലിയുടെ മാനം തന്നെയാണ്. വിവാഹമെന്ന കൂദാശയുടെ പരിശുദ്ധിയും ഗാർഹികസഭയായ കുടുംബത്തിന്റെ പവിത്രതയും കാത്തുസൂക്ഷിക്കുവാൻ എല്ലാവരും പരിശ്രമിക്കണം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ് കാക്കനാട് Read more:www.syromalabarliturgy.org